ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 23.02.2026** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. സ്വതന്ത്ര ഇന്ത്യയുടെ ഭാരതീയനായ ആദ്യ ഗവർണർ ജനറൽ സി. രാജഗോപാലാചാരിയോടുള്ള ആദരാർത്ഥം രാഷ്ട്രപതി ഭവനിൽ രാജാജി ഉത്സവ് സംഘടിപ്പിച്ചു. രാജാജിയുടെ അർദ്ധകായ പ്രതിമ രാഷ്ട്രപതി ദ്രൗപദി മുർമു അനാച്ഛാദനം ചെയ്തു.

   **President Droupadi Murmu calls upon people to draw inspiration from C Rajagopalachari life and legacy with the spirit of Nation First; Unveils bust of C Rajagopalachari replacing that of Edwin Lutyens at Rashtrapati Bhavan in New Delhi.**

2. ഭീകരവാദ ഭീഷണികളെ ചെറുക്കുന്നതിനായി സമഗ്ര ഭീകരവിരുദ്ധ നയം- പ്രഹാർ പ്രഖ്യാപിച്ച് കേന്ദ്ര ആഭ്യന്തര മന്ത്രാലയം.

   **Ministry of Home Affairs today unveiled country's new national counter-terrorism policy and strategy titled PRAHAR.**

3. ശബരിമല വിഷയത്തിൽ -നിയമസഭയിൽ ഇന്നും പ്രതിപക്ഷ ബഹളം. കേരള നേറ്റിവിറ്റി കാർഡ് ബിൽ സഭ പരിഗണിച്ചു.

   **Kerala Legislative Assembly today witnessed opposition uproar on Sabarimala issue. The House considered Kerala Nativity Card Bill.**

4. സ്വർണ വിലയിലെ മാറ്റങ്ങൾ കേന്ദ്ര സർക്കാർ സസൂക്ഷ്മം നിരീക്ഷിച്ചുവരികയാണെന്ന് ധനമന്ത്രി നിർമ്മല സീതാരാമൻ.

Finance Minister Nirmala Sitharaman has said that the government is closely monitoring gold prices, noting that the yellow metal traditionally sees seasonal spikes during festival periods but has not crossed certain limits.

5. വയനാട് ഉരുൾപൊട്ടൽ ദുരന്ത ബാധിതർക്കുള്ള ടൗൺഷിപ്പിൻ്റെ ഉദ്ഘാടനം അടുത്ത മാസം ഒന്നിലേക്ക് നീട്ടിവച്ച് സംസ്ഥാന സർക്കാർ.

Kerala Government has postponed the inauguration of Wayanad township for the landslide disaster victims to the first of March.

6. ഐസിസി ടി-20 ലോകകപ്പിൽ സിംബാബ്‌വെ വെസ്റ്റ് ഇൻഡീസിനെ നേരിടുന്നു.

And, In ICC Men's T20 Cricket World Cup, Zimbabwe is locking horns with West Indies in Super eight clash in Mumbai.

***************************

**PREZ – RAJAJI (intro)**

സ്വതന്ത്ര ഇന്ത്യയുടെ ഭാരതീയനായ ആദ്യ ഗവർണർ ജനറൽ സി. രാജഗോപാലാചാരിയോടുള്ള ആദരാർത്ഥം രാഷ്ട്രപതി ഭവനിൽ ഇന്ന് രാജാജി ഉത്സവ് സംഘടിപ്പിച്ചു. രാഷ്ട്രപതി ഭവനിലെ അശോക് മണ്ഡപത്തിന് സമീപം സ്ഥാപിച്ച രാജാജിയുടെ അർദ്ധകായ പ്രതിമ രാഷ്ട്രപതി ദ്രൗപദി മുർമു അനാച്ഛാദനം ചെയ്തു. ഭാരതത്തിൻ്റെ മഹാനായ പുത്രനാണ് സി. രാജഗോപാലാചാരിയെന്നും, രാജ്യചരിത്രത്തിൽ മായാത്ത വ്യക്തിമുദ്ര അദ്ദേഹം പതിപ്പിച്ചതായും രാഷ്ട്രപതി ചടങ്ങിൽ പറഞ്ഞു. രാജാജിയുടെ ജീവിതത്തിൽ നിന്നും പ്രചോദനം ഉൾക്കൊണ്ട് നാം രാഷ്ട്രത്തിന് പ്രഥമ പരിഗണന നൽകി മുന്നോട്ട് പോകണമെന്നും ശ്രീമതി മുർമു വ്യക്തമാക്കി.
(ഹോൾഡ്)

ബ്രിട്ടീഷ് വാസ്തുശിൽപി എഡ്വിൻ ലട്യൻസിൻ്റെ പ്രതിമയുടെ സ്ഥാനത്താണ് രാജാജി പ്രതിമ സ്ഥാപിച്ചത്. ഉപരാഷ്ട്രപതി സി.പി രാധാകൃഷ്ണൻ, കേന്ദ്രമന്ത്രിമാർ രാജാജിയുടെ കുടുംബാംഗങ്ങൾ തുടങ്ങിയവർ ചടങ്ങിൽ സന്നിഹിതരായി. കൊളോണിയൽ സ്വാധീനങ്ങളിൽ നിന്നും രാജ്യം മാറി സഞ്ചരിക്കുകയാണെന്ന് ഉപരാഷ്ട്രപതി ചടങ്ങിൽ പറഞ്ഞു. രാജ്ഭവനുകളുടെ പേര്

ലോക്ഭവൻ എന്നാക്കിമാറ്റിയതും, പ്രധാനമന്ത്രിയുടെ കാര്യലയത്തിന് സേവാതീർത്ഥ് എന്ന് നാമം നൽകിയതും സർക്കാരിൻറെ സേവന മനോഭാവത്തിൻറെ പ്രതിഫലനം ആണെന്നും അദ്ദേഹം വ്യക്തമാക്കി

****************************

## PM – RAJAJI UTSAV

സി രാജഗോപാലാചാരി രാജ്യത്തിന് നൽകിയ അതുല്യസംഭാവനകളാണ് രാജാജി ഉത്സവിലൂടെ ആഘോഷിക്കപ്പെടുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. കൊളോണിയൽ കാഴ്ചപ്പാടുകൾ പൂർണമായും തുടച്ചുനീക്കാനുള്ള ഇന്ത്യയുടെ ദൃഢനിശ്ചയമാണ് ഇതിൽ പ്രതിഫലിക്കുന്നതെന്നും അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു. സ്വാതന്ത്ര്യ സമര സേനാനിയും, ചിന്തകനും, മികച്ച ഭരണാധികാരിയുമായിരുന്നു രാജാജി എന്നും ശ്രീ മോദി അനുസ്മരിച്ചു..

****************************

## MHA-PRAHAR

എല്ലാത്തരം ഭീകരവാദ ഭീഷണികളെയും ചെറുക്കുന്നതിനായി പുതിയ സമഗ്ര ഭീകരവിരുദ്ധ നയം- പ്രഹാർ പ്രഖ്യാപിച്ച് കേന്ദ്ര ആഭ്യന്തര മന്ത്രാലയം. ഭീകരവാദ വെല്ലുവിളികളുടെ സ്വഭാവം തുടർച്ചായി മാറിക്കൊണ്ടിരിക്കുകയാണെന്നും, എല്ലാത്തരം ഭീകരവാദ ഭീഷണികളെയും തടയുകയാണ് രാജ്യം ലക്ഷ്യമിടുന്നതെന്നും മന്ത്രാലയം വ്യക്തമാക്കി. ഭീകരതയുടെ ബാക്കിപത്രമായ ഇരകൾക്കൊപ്പമാണ് ഇന്ത്യ എക്കാലവും നിലകൊള്ളുന്നത്. ഭീകരവാദത്തിനെതിരെ വിട്ടുവീഴ്ചയില്ലാത്ത നയമാണ് രാജ്യം സ്വീകരിക്കുന്നതെന്നും മന്ത്രാലയം അറിയിച്ചു.

****************************

## AMIT SHAH – BHARAT TAXI (intro)

ലോകത്തിലെ ഏറ്റവും സുതാര്യമായ ക്യാബ് സേവനമായി സഹകരണ ടാക്സി സർവീസായ ഭാരത് ടാക്സി മാറുമെന്ന് കേന്ദ്ര മന്ത്രി അമിത് ഷാ. ന്യൂഡൽഹിയിൽ ഭാരത് ടാക്സി

ഡ്രൈവർമാരുമായി സംവദിക്കുകയായിരുന്നു അദ്ദേഹം. ഭാരത് ടാക്സിയിലെ ഡ്രൈവർമാർക്ക് ഇൻഷുറൻസ് ആനുകൂല്യങ്ങളും വായ്പാ സൗകര്യങ്ങളും ഉറപ്പാക്കുമെന്നും ശ്രീ അമിത് ഷാ അറിയിച്ചു.
(ഹോൾഡ്)

*****************************

## KERALA NIYAMASABHA

ശബരിമല വിഷയത്തിൽ നിയമസഭയിൽ ഇന്നും പ്രതിപക്ഷ ബഹളം. ബഹളത്തെ തുടർന്ന് സഭ ഇന്നത്തേക്ക് പിരിഞ്ഞു. ശബരിമല സ്വർണ്ണ അപഹരണ വിഷയം വീണ്ടും ഉന്നയിച്ചാണ് പ്രതിപക്ഷം ഇന്നും നടപടികൾ തടസ്സപ്പെടുത്തിയത്. ചോദ്യോത്തര വേള ആരംഭിച്ചപ്പോൾ തന്നെ പ്രതിപക്ഷം സ്പീക്കറുടെ ഡയസിന് മുന്നിൽ പ്ലക്കാർഡുകൾ ഉയർത്തി മുദ്രാവാക്യം വിളികളുമായി പ്രതിഷേധം തുടങ്ങുകയും പിന്നീട് നടപടികൾ ബഹിഷ്കരിക്കുകയും ആയിരുന്നു. 2026 ലെ കേരള നേറ്റിവിറ്റി കാർഡ് ബിൽ റവന്യൂ മന്ത്രി കെ രാജൻ ഇന്ന് സഭയിൽ അവതരിപ്പിച്ചു. ബിൽ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വിട്ട ശേഷം നടപടികൾ പൂർത്തിയാക്കി പിരിഞ്ഞ സഭ നാളെ വീണ്ടും സമ്മേളിക്കും

*****************************

## LAKSHADEEP – NO VEHICLE DAY

ലക്ഷദ്വീപിൽ എല്ലാ ബുധനാഴ്ച്ചകളിലും നടപ്പിലാക്കാൻ തീരുമാനിച്ചിരുന്ന "നോ വെഹിക്കിൾ ഡേ" ഉത്തരവ് റമദാൻ മാസം അവസാനിക്കുന്നത് വരെ നടപ്പിലാക്കില്ലെന്ന് ലക്ഷദ്വീപ് ഭരണകൂടം കേരളാ ഹൈക്കോടതിയിൽ അറിയിച്ചു. നിയന്ത്രണം ഏർപ്പെടുത്താനുള്ള ജില്ലാ കളക്ടറുടെ ഉത്തരവ് ചോദ്യം ചെയ്ത് നൽകിയ ഹർജി പരിഗണിക്കവേയാണ് ഭരണകൂടം സത്യവാങ്മൂലത്തിലൂടെ തീരുമാനം അറിയിച്ചത്. ഹർജിയിൽ അടുത്തമാസം 16-ന് വീണ്ടും വാദം കേൾക്കും.

*****************************

## SC AIR POLLUTION

വായുഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി, കൽക്കരി അധിഷ്ഠിത വ്യവസായങ്ങൾ ഡൽഹി തലസ്ഥാന മേഖലയ്ക്ക് പുറത്തേക്ക് മാറ്റുന്ന കാര്യത്തിൽ കേന്ദ്രമന്ത്രാലയങ്ങളുടെ പ്രതികരണം തേടി സുപ്രീം കോടതി. ചീഫ് ജസ്റ്റിസ് സൂര്യകാന്ത്, ജസ്റ്റിസുമാരായ ജോയ്മല്യ ബാഗ്ചി, വിപുൽ എം പഞ്ചോളി എന്നിവരടങ്ങിയ ബെഞ്ചിൻറേതാണ് നടപടി.

*************************************

## FM - NIRMALA S(intro)

സ്വർണ വിലയിലെ മാറ്റങ്ങൾ കേന്ദ്ര സർക്കാർ സസൂക്ഷ്മം നിരീക്ഷിച്ചുവരികയാണെന്ന് കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ. ന്യൂഡൽഹിയിൽ ബജറ്റ് അനന്തരയോഗത്തിന് ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു കേന്ദ്രമന്ത്രി. ഉത്സവകാലങ്ങളിൽ സ്വർണവില വലിയതോതിൽ വർദ്ധിക്കാറുണ്ടെങ്കിലും നിശ്ചിത പരിധി കടന്നിട്ടില്ലെന്ന് ശ്രീമതി നിർമല സീതാരാമൻ വ്യക്തമാക്കി.
(ഹോൾഡ്)

*************************************

## WAYANADU TOWN SHIP

വയനാട് ഉരുൾപൊട്ടൽ ദുരന്ത ബാധിതർക്കുള്ള ടൗൺഷിപ്പിൻ്റെ ഉദ്ഘാടനം സംസ്ഥാന സർക്കാർ അടുത്ത മാസം ഒന്നിലേക്ക് നീട്ടിവച്ചു. മറ്റന്നാൾ നിശ്ചയിച്ചിരുന്ന ഉദ്ഘാടനം, അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കാൻ അല്പം കൂടി സമയം ആവശ്യമുള്ളത് കൊണ്ടാണ് നീട്ടിവച്ചത്.

*************************************

## PAY REVISION COMMISSION

സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണം സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പന്ത്രണ്ടാം ശമ്പള പരിഷ്കരണ കമ്മീഷനെ സർക്കാർ നിയമിച്ചു. മുൻ ചീഫ് സെക്രട്ടറി വി.പി ജോയിയാണ് ചെയർമാൻ. റിപ്പോർട്ട് മൂന്ന് മാസത്തിനകം ലഭ്യമാക്കാനാണ് നിർദേശം.

*************************************

## ACCIDENT – KOZHIKODE

കോഴിക്കോട് വലിയങ്ങാടിയിൽ നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൻ്റെ ഭാഗം തകർന്നുണ്ടായ അപകടത്തിൽ മരിച്ചവരുടെ എണ്ണം നാലായി. കോഴിക്കോട് സ്വദേശികളായ ജബ്ബാർ, അഷ്റഫ് , ബഷീർ, വിനോദ് എന്നിവരാണ് മരിച്ചത്. കോർപ്പറേഷൻറെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൻറെ കാലപ്പഴക്കമാണ് അപകടകാരണമെന്ന് ചൂണ്ടിക്കാട്ടി യൂത്ത് കോൺഗ്രസും, ബിജെപിയും കോർപ്പറേഷൻ ആസ്ഥാനത്തേക്ക് പ്രതിഷേധ മാർച്ച് നടത്തി.

*************************************

## KIRAN RIJIJU

കേരളത്തിൻറെ ഏറ്റവും വലിയ മൂലധനം മാനവ വിഭവ ശേഷിയാണെന്ന് കേന്ദ്രമന്ത്രി കിരൺ റിജിജു. കൊച്ചിയിൽ സ്വകാര്യ മാധ്യമ കോൺക്ലേവ് ഉത്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. വിദേശരാജ്യങ്ങളുമായി ദീർഘകാല വ്യാപാര ബന്ധത്തിൻറെ ചരിത്രമാണ് കേരളത്തിനുള്ളതെന്നും രാജ്യത്തിൻറെ വികസനത്തിൽ പ്രധാനപങ്കുവഹിക്കുന്ന സമുദ്രവിഭവശേഷി സംസ്ഥാനത്ത് ധാരാളമുണ്ടെന്നും ശ്രീ കിരൺ റിജിജു പറഞ്ഞു.

*************************************

## SIR

സംസ്ഥാനത്ത് ഈ വർഷം ജനുവരി ഒന്നിന് 18 വയസ്സ് പൂർത്തിയായി തീവ്ര വോട്ടർ പട്ടിക പരിഷ്കരണ സമയത്ത് പേര് ചേർക്കാൻ സാധിക്കാത്തവർക്ക് പട്ടികയിൽ പേര് ചേർക്കാൻ അവസരം. voters.eci.gov.in എന്ന വെബ്സൈറ്റിലൂടേയോ ECINET മൊബൈൽ ആപ്പ് വഴിയോ ബന്ധപ്പെട്ട ബൂത്ത് ലെവൽ ഓഫീസർ വഴിയോ അപേക്ഷിക്കാവുന്നതാണ്. തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിൻറെ ഭാഗമായി തിരഞ്ഞെടുപ്പ് കമ്മീഷൻ കഴിഞ്ഞ ദിവസം പ്രസിദ്ധീകരിച്ച അന്തിമ വോട്ടർ പട്ടികയിൽ 2 കോടി 69 ലക്ഷത്തിലധികം വോട്ടർമാരാണുള്ളത്.

*************************************

## VIZHINJAM

വിഴിഞ്ഞത്ത് 2,000 കോടി രൂപയുടെ ബൃഹത്തായ പൊതുമേഖലാ ലോജിസ്റ്റിക്സ് പദ്ധതിയുമായി കേരള സർക്കാർ.

ഇതുമായി ബന്ധപ്പെട്ട് വിവിധ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് ധാരണാപത്രം ഒപ്പുവെച്ചു. വിഴിഞ്ഞത്തെ പൂർണ്ണതോതിലുള്ള സാമ്പത്തിക വികസന കേന്ദ്രമാക്കി മാറ്റുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

****************************************

## T-20

ഐസിസി പുരുഷ ടി-20 ലോകകപ്പിൽ സിംബാബ്‌വെ വെസ്റ്റ് ഇൻഡീസിനെ നേരിടുന്നു. മുംബൈ വാങ്കഡെ സ്റ്റേഡിയത്തിലാണ് മത്സരം പുരോഗമിക്കുന്നത്. ടോസ് നേടിയ സിംബാബ്വേ, വെസ്റ്റ് ഇൻഡീസിനെ ബാറ്റിങ്ങിന് അയക്കുകയായിരുന്നു.

****************************************

## ISL

ഐ എസ് എൽ ഫുട്ബോളിൽ മോഹൻബഗാൻ - ചെന്നൈയിൻ എഫ് സിയെ നേരിടുന്നു. കൊൽക്കത്തയിൽ അൽപസമയം മുൻപാണ് മത്സരം ആരംഭിച്ചത്.

****************************************

## ISRAELI AMBASSADOR-PM VISIT

ഇസ്രായേൽ സന്ദർശനത്തിനെത്തുന്ന പ്രധാനമന്ത്രി നരേന്ദ്രമോദിയെ സ്വാഗതം ചെയ്യാൻ ജനങ്ങൾ ആവേശഭരിതരായി കാത്തിരിക്കുകയാണെന്ന് ഇന്ത്യയിലെ ഇസ്രായേൽ അംബാസഡർ റൂവൻ അസർ . കൂടിക്കാഴ്ചയിൽ ഇരു രാജ്യങ്ങളും വിവിധ വിഷയങ്ങളിൽ നിർണായക ചർച്ചകൾ നടത്തുമെന്നും അദ്ദേഹം പറഞ്ഞു. ഇന്ത്യയും ഇസ്രായേലും സ്വതന്ത്ര വ്യാപാര കരാർ സംബന്ധിച്ച നടപടികളുമായി മുന്നോട്ട് പോവുകയാണെന്നും ഇസ്രായേൽ അംബാസഡർ അറിയിച്ചു..

****************************************

## UN- HUMAN RIGHTS

മനുഷ്യാവകാശങ്ങൾക്ക് നേരെയുള്ള കടുത്ത ആക്രമണങ്ങൾക്കെതിരെ അംഗരാജ്യങ്ങൾക്ക് മുന്നറിയിപ്പ് നൽകി ഐക്യരാഷ്ട്രസഭ സെക്രട്ടറി ജനറൽ അൻറോണിയോ ഗുട്ടെറസ്. സുഡാൻ, ഗാസ മുനമ്പ്, യുക്രൈൻ എന്നിവിടങ്ങളിലെ സംഘർഷങ്ങളിൽ അന്താരാഷ്ട്ര നിയമങ്ങളുടെ വ്യാപകമായ

ലംഘനങ്ങൾ ഉണ്ടായതായി ജനീവയിൽ നടന്ന മനുഷ്യാവകാശ കൗൺസിലിൻറെ ഉദ്ഘാടന ചടങ്ങിൽ അദ്ദേഹം പറഞ്ഞു.